"ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും വരകളും വാക്കുകളുമായിരുന്നു ഭരതന് കാർട്ടൂണുകൾ. രാഷ്ട്രീയം അതിന്റെ മുഖം മാത്രമായിരുന്നു."
അന്തരിച്ച കാർട്ടൂണിസ്റ്റ് കെ. ഭരതനെ ഓർമ്മിക്കുന്നു **കെ. അരവിന്ദാക്ഷൻ**

# കണ്ടെത്തിയ സഹോദരൻ

**ഭരതൻ** മരിച്ച് നാല്പത്തിരണ്ടാം ദിവസമാണ് അയാളെ തിരക്കി വീണ്ടും ഞാൻ അയാളുടെ വീട്ടിലേക്ക് പോയത്. എറവിൽ നിന്ന് കാഞ്ഞാണി-അന്തിക്കാട് -പെരിങ്ങോട്ടുകര -ആലപ്പാട്- കുണ്ടോളിക്കടവ് വഴി മനഃപൂർവ്വം തെരഞ്ഞെടുത്തതാണ്. തൃശൂരിലൂടെയായാൽ ചീഞ്ഞളിയുന്ന നഗരമാലിന്യങ്ങളുടെ കാഴ്ചയും നാറ്റവും മനസ്സിനെ അലോസരപ്പെടുത്തും.

നഗരത്തിന്റെ ദുർഗന്ധത്തിൽ ഭരതന്റെ ഓർമ്മ അവിശുദ്ധമാക്കപ്പെടരുത്. കുണ്ടോളിക്കടവ് പാലത്തിലൂടെയുള്ള ഒരു കിലോമീറ്റർ യാത്ര എല്ലാ മാലിന്യങ്ങളാൽ നിന്നും അല്പനിമിഷങ്ങളിലേയ്ക്കെങ്കിലും മുക്തി നേടുന്നതു പോലെയാണ്. റോഡിനിരുവശത്തും ഭൂമിയുടെ ശ്വാസകോശങ്ങളായി വിശാലമായ കോൾപ്പാടങ്ങൾ. അവ ചക്രവാളങ്ങളിൽ വിലയിച്ചു. മനസ്സും ശരീരവും ഇളം ചൂടുള്ള ചെറുകാറ്റിൽ നിറയുന്നു.

പാലം നിർമ്മിക്കുന്നതിനു മുമ്പ് പാറളം പഞ്ചായത്തുകാർക്ക് അങ്ങേക്കരയിലെ കുണ്ടോളിക്കടവ്-ആലപ്പാട്-ചാഴൂർ പ്രദേശങ്ങൾ ഞങ്ങളിൽ നിന്ന് അകലെയുള്ള ദിക്കുകളായിരുന്നു. സമൃദ്ധമായ പച്ചപ്പിന്റെ നിഗൂഢതകൾ സൂക്ഷിക്കുന്ന തുരുത്തുകൾ. കാവിൽ തൂക്കിയ കള്ളുകുടങ്ങളുമായി കറുത്ത വിയർത്തൊലിക്കുന്ന മനുഷ്യർ ഇവിടങ്ങളിൽ നിന്നാണ് ഇപ്പുറെ കടവിൽ വഞ്ചിയിറങ്ങാറ്.

ഇരുകരകളെയും വേർതിരിച്ചിരുന്ന വെള്ളം നിറഞ്ഞ കോൾപാടങ്ങൾ കായലിലേക്കും കടലിലേക്കും വാതിലുകൾ തുറന്നിടുന്നുണ്ട്. ചേർപ്പ് ഡേവീസൺ ടാക്കീസിൽ പണ്ട് കണ്ട 'ഭക്തകുചേല'യിലെ വാസുദേവർ തലയിൽ കൃഷ്ണനെ ഒളിപ്പിച്ച കുട്ടയുമായി കാളിന്ദിയിലിറങ്ങുന്നതോടെ, ജലം രണ്ടായി പകുക്കുന്നതുപോലെ, കോൾജലവും ഇങ്ങനെ റോഡിനിരുവശങ്ങളിലേയ്ക്കുമായി ഒഴിഞ്ഞുപോകുമെന്ന് ഞാനെന്റെ കുട്ടിക്കാലത്ത് വിചാരിച്ചിരുന്നതേയില്ല. അപ്പുറെ നിന്ന് ഇക്കരെയിലെ കുട്ടികൾക്ക് സഹപാഠികളുമില്ലായിരുന്നു.

രണ്ട് കരകളിലുള്ള ജനപഥങ്ങളെ ഇണക്കി പാലം തൃശൂർ നഗരത്തിലേക്ക് വികസനപ്പാത തുറന്നെങ്കിലും ഉള്ളിന്റെയുള്ളിൽ പാലത്തിന്റെ നിർമ്മിതി എന്നെ നി

കാർട്ടൂൺ: ഭരതൻ, കേരളീയം 1999 സെപ്തംബർ




രാശനാക്കിയിട്ടുണ്ട്. കോൾപ്പാടത്തിന്റെ വിശാല സ്വാതന്ത്ര്യത്തെ–സ്പേസിനെ– അത് മുറിച്ചുകളഞ്ഞു!

പാലം ഇല്ലാ കാലത്ത് ഇങ്ങേക്കരയിൽ നിന്ന് അങ്ങേക്കരയിലേക്ക് നോക്കുമ്പോൾ, ഭൂമിയുടെ അറ്റത്തേയ്ക്ക് നോക്കുകയാണെന്നേ തോന്നൂ. കണ്ണുകളെ പിന്തള്ളുന്ന ചക്രവാളങ്ങളും ആകാശവും പച്ചയുടെ ഇരുട്ടും, ജീവന്റെ അനന്തതയെയും പ്രപഞ്ചത്തിന്റെ അനശ്വരതയെയും ഓർമ്മിപ്പിച്ചു. പ്രാർത്ഥിക്കുന്നതുപോലുള്ള ശാന്തശബ്ദത്തിൽ ഭരതനും എന്നോടൊപ്പം ഇത് ശരിവെയ്ക്കാറുണ്ട്.

ഇരുൾ പരന്നിട്ടില്ലാത്ത ഒരു സന്ധ്യയ്ക്ക് ഭരതനും ഞാനും പണിതീരാത്ത പാലത്തിലേക്ക് റോഡായിക്കൊണ്ടിരുന്ന വരമ്പിലൂടെ കുറച്ച് നടന്നു.

"പാലങ്ങൾ ഗ്രാമങ്ങളെയും സംസ്കാരങ്ങളെയും ബന്ധിപ്പിക്കുന്നുണ്ട്. പക്ഷേ പാലങ്ങൾ എന്തൊക്കെയോ നമ്മിൽ നിന്ന് ചോർത്തിക്കളയുന്നുണ്ട്. ചേട്ടാ....", ഭരതൻ പറഞ്ഞു.

ഭരതന് ഞാൻ ചേട്ടനാണ്. അയാളേക്കാൾ പത്ത് വയസ്സ് മൂപ്പുള്ളതുകൊണ്ടുമാത്രമായിരുന്നില്ല അത്. മുംബൈയിൽ സ്ഥിരതാമസമാക്കിയ അയാളുടെ സ്വന്തം ജ്യേഷ്ഠനേക്കാൾ സ്ഥായി അയാൾക്കെന്നോടുണ്ടായിരുന്നു.

അയാളെനിക്ക് അനിയൻ തന്നെ. ഭഗൽപൂരിലേക്ക് പി.എച്ച്.ഡി വൈവയ്ക്ക് അയാൾ കൂട്ടുണ്ടായിരുന്നു. യാത്രകളെയും ആൾക്കൂട്ടങ്ങളെയും ഭയക്കുന്ന ഞാൻ ഭരതൻ ഇല്ലായിരുന്നെങ്കിൽ ഭഗൽപൂർ യാത്ര റദ്ദ് ചെയ്തേനെ. യാത്രയിൽ എന്റെ രക്ഷകർത്താവ് അയാളായിരുന്നു. യാത്രയിലെ എന്റെ അസന്നിഗ്ദ്ധതകളെയും രോഗാതുരതകളെയും അയാൾ പ്രതിരോധിച്ചു. ഞങ്ങൾ തീവണ്ടിയിറങ്ങുമ്പോൾ ഭഗൽപൂരിൽ നിരോധനാജ്ഞയായിരുന്നു. ദിവസങ്ങൾക്ക് മുമ്പുണ്ടായ വർഗ്ഗീയകലാപങ്ങളിൽ നിന്ന് നഗരം മുക്തിനേടിയിരുന്നില്ല. കാബേജ് പാടങ്ങളിൽ നിന്നാണ് ശവങ്ങൾ കണ്ടെടുത്തിരുന്നത്. രാത്രി മുഴുവൻ വൈദ്യുതി ഇല്ലാതിരുന്ന ഭഗൽപൂർ സർവ്വകലാശാലയുടെ അതിഥി മന്ദിരത്തിലെ മുറിയിലേക്ക്, എവിടെ നിന്നൊക്കെയോ ആക്രോശങ്ങളും നിലവിളികളും ഇടയ്ക്കിടെ തള്ളിക്കയറി. ഇടയിൽ കൂറ്റൻ എരുമകളെ മേച്ചുകൊണ്ട് നീങ്ങുന്ന ഗ്രാമീണരുടെ നാടൻ പാട്ടിന്റെ ഹൃദയം തലോടുന്ന ഈണങ്ങളുമുണ്ടായിരുന്നു.

"പാലങ്ങൾ മനുഷ്യപുരോഗതിയുടെ അടയാളങ്ങളാണ്. നമുക്കവയെ തള്ളിക്കളയാൻ വയ്യ. ഗൃഹാതുരത്വത്തിന്റെ ഇത്തിരിക്കുളിരിലാണ് നാം മറിച്ച് ചൊല്ലുന്നത്..." ഞാൻ ഭരതനെ ഓർമ്മിപ്പിച്ചു. ഞങ്ങൾ മണ്ണുറോഡിന്റെ അറ്റത്തെത്തിയിരുന്നു. പാലം പണിതീരാൻ ഇനിയും കാലമെടുക്കും. ചേറിൽ നിന്ന് തൂണുകൾ പ്രേതങ്ങളായി പൊങ്ങിനില്പുണ്ട്.

സന്ധ്യ ഇരുണ്ട് തുടങ്ങി. സിഗററ്റിൽ നിന്ന് ഒരു കവിൾ പുക വലിച്ചെടുത്ത് വായുവിലേക്ക് ഊതി ഭരതൻ ഒരു കൊച്ചുകുട്ടിയെപ്പോലെ ചിരിച്ചു, നിർമ്മമനായി. അയാളുടെ കഷണ്ടി കയറിയ നെറ്റിയും നിരയൊത്ത പല്ലുകളും തിളങ്ങി.

"ആനന്ദിന്റെ 'ഗംഗ'യിലെ പാലം ഓർക്കുന്നില്ലേ ചേട്ടൻ? പാതിവരെ പണിതപാലം. ഓരോ ശില്പവും അർധശില്പമാണ്. ഈ പാലം പോലെ. ഓരോ ശില്പിയും പകുതിയിൽ വെച്ച് കിതച്ച് മരിക്കുന്നു. ഗംഗയെ ആരും തരണം ചെയ്യുന്നില്ല. ഗംഗയ്ക്ക് അക്കരെയില്ല."

ഭരതൻ പറഞ്ഞുതീർന്നതും ഇരുൾ വ്യാപിച്ചു. ഞങ്ങൾക്കിടയിൽ മൗനം ഇഴഞ്ഞു. ഒരു മലമ്പാമ്പിനെപ്പോലെ. ഇരുൾവെളിച്ചത്തിൽ ഭരതൻ പിന്നിലും ഞാൻ മുന്നിലുമായി നടന്നു.ഭരതന് 'ആൾക്കൂട്ട'ത്തിലെ ചില കഥാപാത്രങ്ങളുടെ ഛായയുണ്ട്. തീർച്ചയായും ജോസഫിന്റെയല്ല. സുനിലിന്റെയാകാം.

ഭരതന് ആസക്തികൾ കുറവായിരുന്നു. അയാളുടെ വാക്കിലും നടപ്പിലും വസ്ത്രത്തിലും അതുണ്ട്. ഇതൊക്കെ മതി എന്ന ഭാവം. അല്ലെങ്കിൽ ഇതൊക്കെ ധാരാളം. എന്തൊക്കെ വാരിക്കൂട്ടിയാലും ഇത്രയ്ക്കെയുള്ളൂ. തീർന്നു. ഈ സിഗററ്റ് പോലെ.

അയാൾക്കെന്തിലെങ്കിലും താൽപ്പര്യം ഞാൻ കണ്ടിട്ടുള്ളത് ഭക്ഷണത്തോടാണ്. അവിയലും സാമ്പാറും കാളനും പച്ചടിയും കിച്ചടിയും പുളിയിഞ്ചിയും ഇഞ്ചിത്തൈരും പപ്പടവും പായസവും ഒരുക്കിയ സദ്യ അയാളാസ്വദിച്ച് കഴിച്ചു. ഇലയിലെ കൂട്ടുകൾ കുഴച്ച് ദ്രവപാകത്തിലാക്കി ആവോളം അകത്താക്കി. തീറ്റയിലെ അയാളുടെ ശ്രദ്ധകണ്ടാൽ നമുക്ക് തോന്നും, അയാൾ ഇലപോലും തിന്നുകളയുമോയെന്ന്.

പള്ളിപ്പുറത്തിന്റെ നാട്ടുവെളിച്ചത്തിൽ ഭരതൻ മറ്റൊരു സിഗരറ്റ് കത്തിച്ചു; "അവസാനത്തെ പേശിയും അവസാനത്തെ അസ്ഥിയും അവസാനത്തെ ശ്വാസവും ഉപയോഗിച്ച് പ്രയത്നിച്ച് ശില്പി ഒരു പാലം പണിതു. പണിതുപണിതു രക്തം തണുത്തുറഞ്ഞു. കൈകൾ തരിച്ചുമരിച്ചു. ശ്വാസം നടന്നു നിലച്ചു. അവസാനം അക്കരയോടടുക്കുമ്പോൾ ഓരോ ശില്പിക്കും മനസ്സിലാകുന്നു താൻ തന്നെയാണ് തന്റെ അക്കരെയെന്ന്. ഒരിക്കലും ഇല്ലായിരുന്ന അക്കരെ".

ഞങ്ങൾ പയങ്കൽ അമ്പലത്തിന്റെ വെളിച്ചത്തിലെത്തിയിരുന്നു. ആളൊഴിഞ്ഞ അമ്പലപ്പറമ്പ് നോക്കി ഭരതൻ പറഞ്ഞു. "ഭരണിക്ക് ഇനിയും നാലഞ്ച് മാസങ്ങളുണ്ട്..." അമ്പലമതിലിനോട് ചേർന്ന് കോമരം മുടിയഴിച്ചിട്ട് ചിട നിവർത്തുന്നുണ്ട്.

വെങ്ങിണിശ്ശേരി മുക്കവലയിൽ ബസ്സിറങ്ങി ഞാൻ ഭരതന്റെ വീട്ടിലേയ്ക്ക് നടന്നു. റോഡിൽ നിന്നേ ഭരതന്റെ വീട് കാണാം. ഇപ്പോഴും സന്ധ്യയ്ക്ക് അവിടെ ദീപം തെളീക്കാറുണ്ട്. റോഡിൽ നിന്നാൽ ദീപനാളം കണ്ണിൽ തെളിയും. അങ്ങിനെയാണ് വീടിന്റെ വാസ്തുവിദ്യ. റോഡിൽ നിന്ന് മുപ്പതടിയോളം താഴ്ചയിലും മുന്നൂറോളം അടി അകലത്തിലുമാണ് വീട്.

അതെന്റെയും തറവാട് വീടാണ്. പക്ഷേ, ഞാനാ ഭാഗത്തേയ്ക്ക് നോക്കിയിരുന്നതേയില്ല. ഒരേ വീട്ടുകാരാണെങ്കിലും പ്രതാപഐശ്വര്യത്തിൽ അവർ ഞങ്ങളേക്കാൾ മുന്തിയവരായിട്ടായിരുന്നു, കുട്ടിക്കാലത്ത് എനിക്കുള്ള അനുഭവം. പൊതുവെ എനിക്കുണ്ടായിരുന്ന അപകർഷത അതിന് ആക്കം കൂട്ടുകയും ചെയ്തു. അമ്മാടം കോഴിപ്പറമ്പ് എൽ.പി.സ്കൂളിൽ അദ്ധ്യാപികയായിരുന്ന ഭരതന്റെ അമ്മയുടെ കൂടെ കുട്ടികളായ ഭരതനും അയാളുടെ ചേട്ടൻ ശശിയും നടന്നുപോകുന്ന ചിത്രം എന്റെ കണ്ണിലുണ്ട്. ആകാരത്തിലും കാഴ്ചയിലും പ്രൗഢയായിരുന്ന ഭരതന്റെ അമ്മ, ശാരദചേച്ചി. പിന്നിൽ വൃത്താകൃതിയിൽ കെട്ടിവെച്ച മുടിയും നീണ്ടു നിവർന്നുള്ള നടത്തവും അവരുടെ ഗൗരവത്തിന് മാറ്റുകൂട്ടി. വീടിന്റെ നിയന്ത്രണം അവരിലായിരുന്നു. വല്ലപ്പോഴും, എന്നെക്കാണുമ്പോൾ, അവർ എന്റമ്മയുടെ വിശേഷം തിരക്കും. "കാർത്തോപ്പോൾക്ക് സുഖം തന്നെയല്ലേ?" ഞാൻ തലയാട്ടി, റോഡിന്റെ ഓരത്ത് കൂടി ധൃതിയിൽ നടക്കും. ഇരുപത്തഞ്ച് കൊല്ലം മുമ്പ് മാത്രമാണ് ഞാൻ ഭരതനെ പരിചയപ്പെടുന്നത്. എം കോം. കഴിഞ്ഞ് ഭരതൻ ജോലി തേടുന്ന കാലത്ത്.

നൂറ്റമ്പതുകൊല്ലത്തെയെങ്കിലും പഴക്കമുണ്ട് ഭരതന്റെ തറവാടിന്. ഭാഗത്തിൽ സ്രാമ്പി മറ്റൊരു വീടായതൊഴിച്ചാൽ പഴയ നാലുകെട്ടിന് പ്രത്യക്ഷത്തിൽ വലിയ മാറ്റമൊന്നുമില്ല.

ദൈവകാർന്നോന്മാരിരിക്കുന്ന മച്ചകം. അതിന്റെ തറനിരപ്പിൽ നിന്ന് ഭൂമിയുടെ ഉള്ളിലേയ്ക്കൊരറ. നടുമുറ്റത്തിന്റെ ചുമർവരെ അതെത്തും. ഒരാൾക്ക് ഒളിച്ചിരിക്കാം. മലബാർ കലാപസമയത്ത് പണിതതാണത്രെ. വടക്കുനിന്നുള്ള അക്രമണം ഓരോ തറവാട്ടുകാരും പ്രതീക്ഷിച്ചിരുന്നു. എന്നാൽ വടക്ക് നിന്ന് വന്നത് അഭയാർത്ഥികളായിരുന്നു. ഇട്ടിക്കോരപ്പൻ നായരും ഉണിച്ചിറമ്മയും, മറ്റൊരു കൂട്ടരും. ആദ്യത്തെ കൂട്ടർ വടക്കരായി, ഭരതന്റെ തറവാട്ടിലെ ആശ്രിതരായി. മറ്റേവർ മലബാറുകാരെന്നും അറിയപ്പെട്ടു.

അഞ്ചാറ് പതിറ്റാണ്ടുകൾക്ക് മുമ്പ് വരെ, വെങ്ങിണിശ്ശേരിയുടെ സിംഹഭാഗവും ഭരതനും ഞാനും ഉൾപ്പെട്ട കൈലാത്ത് തറവാടിന്റേതായിരുന്നു. വെങ്ങിണിശ്ശേരിയിലും പ്രാന്തങ്ങളിലുമായി കരനിലം, കോൾനിലം. തെക്ക് നെന്മണിക്കര, പാലിയേക്കര ഭാഗങ്ങളിൽ പാട്ടനിലങ്ങൾ. കൊല്ലിനും കൊലയ്ക്കും അധികാരമുണ്ടായിരുന്നവരായിരുന്നു കൈലാത്ത് കൈമൾമാർ. എന്ത് തോന്ന്യാസത്തിനും ക്രൂരതയ്ക്കും അവർ കൂട്ടുനിന്നിട്ടുണ്ട്. ആസക്തി നിറഞ്ഞവരായിരുന്നു അവരുടെ എടോളമ്മമാർ. ജാത്യാചാരങ്ങൾ മുറുകെ പിടിച്ചവർ. ജാത്യാചാരങ്ങൾകൊണ്ട് തങ്ങളേക്കാൾ താഴ്ന്നവരുടെ കഴുത്ത് മുറുക്കി ശ്വാസം മുട്ടിച്ചവർ. അവർ അധികാര ഭ്രാന്തിലും കാമത്തിലും മദിച്ചു തിമർത്തു. വളരെ അപൂർവ്വം ചിലർ സാധുപ്രകൃതികളായ വൈദ്യന്മാരും ജ്യോതിഷികളും പണ്ഡിതന്മാരുമായി. ആദ്യത്തെ കൂട്ടരുടെ ദുഷ്കർമ്മങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യാനെന്നോണം ചെറിയ ചെറിയ സൽക്കർമ്മങ്ങളിലേർപ്പെട്ടു. കാശിയിലും രാമേശ്വരത്തും പോയി.

കാലത്തിന്റെ ചെറിയൊരിടവേളയിൽ കയ്മൾമാരുടെ നാലുകെട്ടുകളും പടിപ്പുരകളും ചിതലരിച്ചു. ഭോഗാലസ്യത്തിൽ വീണ് അദ്ധ്വാനിക്കാത്തവന്റെ ഭൂമികൾ അന്യാധീനപ്പെട്ടു. പഠിച്ചവർ ഗുമസ്തരും ശിപായിമാരുമായി. അമ്പതുകളിൽ കുറച്ചുപേർ ബോംബെയ്ക്കും എഴുപതുകളിൽ ഗൾഫിലേക്കും പോയി.

ഇന്ന് കൈലാത്ത് തറവാടിന്റെ പ്രതാപമായി ഭരതന്റെ നാലുകെട്ട് മാത്രമേയുള്ളൂ. അയ്യുന്നിലിരുന്ന് അസ്തമനം കാണുമ്പോൾ മൂലധനത്തിന്റെ ഗതിമാറ്റം ഞങ്ങളുടെ ചർച്ചയിലെത്താറുണ്ട്. വെങ്ങിണിശ്ശേരിയുടെ ഭൂവിനിമയത്തിന്റെ സൂക്ഷ്മതയിലൂടെ കേരളചരിത്രത്തിന്റെ പൊതുവഴിയിലെത്താം.

'കോഴി'യിൽ നിന്ന് ഞാൻ കാക്കനാടനെ ഉദ്ധരിച്ചു. 'നായന്മാർ നമ്പൂതിരിമാരെ പറ്റിച്ചു. നായന്മാരെ നസ്രാണിമാർ പറ്റിച്ചു.'

ഭരതൻ ചിരിച്ചു "പറ്റിച്ചുയെന്നാണോ ശരിയായ വാക്കെന്നറിയില്ല. അധികാരഭാന്തിന്റെ ഫലം. പുതിയ കാലത്ത് വെങ്ങിണിശ്ശേരിയുടെ ചരിത്രത്തിൽ ഒരു തിരുത്തും കൂടി ആവാം. ഇന്നാ ഭ്രാന്ത് ഈഴവരിലെത്തി നിൽക്കുന്നു."

അല്പം നിർത്തി ഭരതൻ "എല്ലാം ലെഗസി (legacy) ആയി വന്നുചേർന്നതല്ലേ. അതങ്ങിനെയേ സംഭവിക്കൂ. ചതിയും വഞ്ചനയും ക്രൂരതയും പുതിയ രീതികളിൽ തുടർക്കഥയാകുന്നു. ഓരോരുത്തർക്കും. അവരവരുടെ ഊഴങ്ങൾ വേണമല്ലോ. ചരിത്രത്തോട് കണക്ക് പറയണമല്ലോ...."

ഞാൻ കൂട്ടിച്ചേർത്തു: "കോരനും ചാത്തനും കഞ്ഞി പഴയപോലെ കുമ്പിളിൽ തന്നെ."

ഭരതൻ നെടുവീർപ്പിട്ടു: "അതിന് അടുത്തെങ്ങും മാറ്റമുണ്ടാകുമെന്ന് തോന്നുന്നില്ല. നമ്പൂതിരിപ്പാട് അതിനുള്ള മന്ത്രങ്ങൾ ഉരുക്കഴിച്ചിട്ടുണ്ട്."

ആറാട്ടുകടവിൽ കൂക്കിവിളിയും

കാർട്ടൂൺ: ഭരതൻ, കേരളീയം 1999 ഒക്ടോബർ



ബഹളവും.

ഭരതൻ മൂളി:

“കാറ്റും മഴക്കാറുമേറ്റം
കൂരിരുട്ടും വന്നുകൂടി....
ദിക്കറിവാൻ പാടില്ലാതെ
മുക്കണഞ്ഞുപോയി തോണി....”

ഭരതന് കോവിലനെ പഥ്യമായിരുന്നു. ലെവിസ്ട്രോസിനെയും. ഞങ്ങൾ ആദ്യമായി പരിചയപ്പെട്ടത് ‘തോറ്റങ്ങളി’ലൂടെയാണ്. അയാളുടെ ‘തോറ്റങ്ങൾ’ എന്റെ പുസ്തകശേഖരത്തിലുണ്ട്. കുനുകുനെയുള്ള അയാളുടെ കയ്യൊപ്പ് പതിഞ്ഞത്.

ഭരതനും കോവിലനും തമ്മിലുണ്ടായിരുന്നത് കൃഷിയുടെ ചിട്ടകളായിരുന്നു. കൃഷിചിട്ടകളിൽ മണ്ണിന്റെ ഗന്ധമുണ്ട്. ഭരതന് കൃഷിയറിയാമായിരുന്നു. പാടത്ത് നിലം ഒരുക്കേണ്ടതും വിത്തിറക്കേണ്ടതും ഞാറ് നടേണ്ടതും വെള്ളവും വളവും ചെയ്യേണ്ടതും മരുന്നുതളിക്കേണ്ടതും കൊയ്യേണ്ടതും  മെതിക്കേണ്ടതും ഭരതനറിയാമായിരുന്നു. ചിറ്റേനിയും തവളക്കണ്ണനും നവരയും ജയയും ഐ ആർ എട്ടും തിരിച്ചറിയാമായിരുന്നു. തേക്കുകൊട്ടയും കലപ്പയും കരിയും മോട്ടോറും അയാൾ ഉപയോഗിച്ചിട്ടുണ്ട്. പറമ്പിലെ ചെടികളുടെ പേരുകൾ അയാൾക്ക് വശമായിരുന്നു.

മണ്ണായിരുന്നു ഭരതന്റെ പ്രാണൻ. വെങ്ങിണിശ്ശേരിയുടെ മണ്ണ്. തന്റെ മണ്ണിനെയും അതിലെ പുല്ലിനെയും ചെടികളെയും വള്ളികളെയും വൃക്ഷങ്ങളെയും ശലഭങ്ങളെയും പുഴുക്കളെയും ഉറുമ്പുകളെയും ഇത്രമേൽ കാരുണ്യത്തോടെ സ്പർശിച്ചവർ കുറവായിരിക്കും. ഭരതനെ കൃഷിവട്ടങ്ങൾ പഠിപ്പിച്ചത് തറവാട്ടിലെ പണിക്കാരനായിരുന്ന ചാത്തനായിരുന്നു. കൃഷിയിൽ അദ്ദേഹം ഭരതന് മുത്തച്ഛനായിരുന്നു.

പക്ഷേ, ജനിച്ച മണ്ണിൽ നിന്ന് എക്കാലവും വിട്ടുനിൽക്കാനായിരുന്നു അയാളുടെ നിയോഗം. ആദ്യം അയാൾ ജോലിയ്ക്കായി ബോംബെയിൽ പോയി. പിന്നീട് ആഫ്രിക്കയിലെ ബോട്സ്വാനയിലെത്തി. സ്വന്തം മണ്ണിലേയ്ക്കെത്തണമെന്ന വിചാരം മുറുകുംതോറും ആരോ അയാളെ മനഃപൂർവ്വം അകലേയ്ക്കലേക്ക് ആട്ടിപ്പായിച്ചു.

ഓരോ തവണയും ബോട്ട്സ്വാനയിൽ നിന്നും നാട്ടിലെത്തി തിരിച്ച് പോകുമ്പോൾ അയാൾ പറയുമായിരുന്നു: “എത്രയും വേഗം എല്ലാം അവസാനിപ്പിച്ച് വെങ്ങിണിശ്ശേരിയിലെത്തണം. മീനാക്ഷിയുടെയും നാരായണന്റെയും പത്താംക്ലാസ്സ് ഒന്ന് കഴിഞ്ഞോട്ടെ. ഇടയ്ക്കുവെച്ച് അവിടെ നിന്ന് പറിച്ചെടുത്താൽ കുട്ടികൾ വെള്ളത്തിലാവും.”

പണിതീരാറായ തന്റെ പുതിയ വീട് നോക്കി അയാൾ പറയും: ഇവിടെ സ്വസ്ഥമായിരുന്നു വായിക്കണം. വരയ്ക്കണം പാട്ട് കേൾക്കണം, സാധിച്ചാൽ എഴുതണം.

അയാളുടെ വാക്കുകളിൽ വീടിന് ജീവൻ വെയ്ക്കുന്നതായി തോന്നും. ഓരോ തവണയും ബോട്ട്സ്വാനയിലേക്ക് മടങ്ങുമ്പോൾ അയാൾ തറവാടിന്റെ മുറ്റത്തുനിന്നും ഒരുപിടി മണ്ണ് വാരി ബാഗിൽ സൂക്ഷിക്കും. നിത്യവും രാവിലെ ജോലിക്കിറങ്ങുമ്പോൾ ആ മണ്ണിനു മുമ്പിൽ പ്രാർത്ഥിക്കും. മരിക്കുന്നതിന്റെ രാവിലെയും അയാൾ മണ്ണിനോട് പ്രാർത്ഥിച്ചിരുന്നു.

ജീവിതത്തിൽ ദാരിദ്ര്യമില്ലാതിരുന്ന ഭരതനെ ഏത് ശക്തിയാണ് സ്വന്തം മണ്ണിൽ നിന്ന് എപ്പോഴും അകറ്റിനിർത്തിയിരുന്നത്? സ്വന്തം മണ്ണിനോടുള്ള ബന്ധം ശക്തമാക്കാനുള്ള ആരുടെയോ ഒരു വിരുദ്ധോക്തിയായിരുന്നുവോ അത്?

തൃശൂർ നഗരത്തിലേക്കുള്ള യാത്രപോലും മടുത്ത് മണ്ണിൽ തന്നെ സ്വയം തളച്ചിടുന്ന എന്റെ മനസ്സായിരുന്നു അയാളുടെയും. അയാൾക്ക്, എന്നെപ്പോലെ, സ്വന്തം മണ്ണിന്റെ ബിന്ദുവിൽ നിന്ന് പ്രപഞ്ചത്തെ കാണുവാൻ സാധിച്ചില്ല. അന്യദേശത്തിരുന്ന് സ്വന്തം മണ്ണിനെപ്രതി സ്വപ്നം കാണുകയായിരുന്നു അയാൾ. ഇതിൽ ഏതാണ് കൂടുതൽ സത്യാത്മകം എന്ന് ആർക്ക് പറയാനാവും?


എന്റെ ഒരടുത്ത ബന്ധുവാണ് ഒരു സന്ധ്യയ്ക്ക് ഭരതന്റെ മരണവാർത്തയറിയിച്ചത്. ‘ഏത് ഭരതൻ’ എന്നാണ് ഞാൻ തിരിച്ച് ചോദിച്ചത്. ‘നിന്റെ ഭരതൻ’ എന്ന് മറുതലയ്ക്കൽ വാക്ക് മുറിഞ്ഞു. ഭരതനെയും എന്നെയും പരിചയമുള്ളവർക്ക് ഞങ്ങളുടെ ബന്ധത്തിന്റെ ആഴമറിയാമായിരുന്നു.

നാല്പത്തിയൊമ്പത്. മരിക്കാനുള്ള പ്രായമാകുന്നില്ല. നീണ്ടുനിവർന്ന ശരീരവും അതിനൊത്ത വണ്ണവുമുള്ള ഭരതൻ ആരോഗ്യവാനായിരുന്നു. തികഞ്ഞ പുരുഷനായിരുന്നു. പ്രത്യേകിച്ച് അസുഖങ്ങളില്ല. ജോലിസംബന്ധമായ ഒരു മീറ്റിംങ്ങിൽ പങ്കെടുത്ത് തന്റെ സഹപ്രവർത്തകനായ കാശ്മീരിയുടെ കാറിൽ മടങ്ങുകയായിരുന്നു. ബോട്സ്വാനയിൽ സമയം പതിനൊന്ന്. നെഞ്ചിൽ ചെറിയൊരു വേദന, അയാൾ സൂചിപ്പിച്ചു. ഒപ്പം അയാൾ വണ്ടിയോടിച്ചിരുന്ന സഹപ്രവർത്തകന്റെ ശരീരത്തിലേക്ക് മറിഞ്ഞു.

മരണത്തിലും ആരോ അയാളോട് അനീതി കാട്ടിയതായി എനിക്ക് തോന്നി. സ്വന്തം മണ്ണിനെ അഗാധമായി സ്നേഹിച്ചവന് മരണം അകലെയുള്ള മണ്ണിൽ. യാതൊരു തരത്തിലുള്ള വിഭാഗീയതയും തീണ്ടിയിട്ടില്ലാത്ത അയാളുടെ ഹൃദയനൈർമ്മല്യം, ഒരുപക്ഷേ, മരണം തിരിച്ചറിഞ്ഞതായിരിക്കാം. അങ്ങിനെയുള്ളവന് മരണം ബോട്ട്സ്വാനയിലായാലെന്ത്? വെങ്ങിണിശ്ശേരിയിലായാലെന്ത്?

പക്ഷേ, ഭരതന്റെ അന്ത്യവിശ്രമം ഈ മണ്ണിൽ വേണമെന്ന് ഭരതന്റെ അച്ഛന് (ഡോ. മാധവൻ) നിർബന്ധ

**കാർട്ടൂൺ: ഭരതൻ, കേരളീയം 2000 ഫെബ്രുവരി**



മുണ്ടായിരുന്നു. ഭരതന്റെ അമ്മയെ സംസ്കരിച്ചതിന് ചാരെ അവനും ചിതയൊരുക്കണം.

ജീവിതത്തിൽ രണ്ട് മരണങ്ങളേ എന്നെ ഉലച്ചിട്ടുള്ളൂ, വേരിൽ പിടിച്ച്. ആദ്യത്തേത് 1997ൽ. മൂത്ത ജ്യേഷ്ഠനെപ്പോലെ കരുതിയിരുന്ന സ്നേഹിതൻ വിശ്വനാഥന്റെ മരണം.'മരങ്ങൾ നട്ട മനുഷ്യൻ' എന്ന നോവലിന്റെ വിവർത്തനക്കുറിപ്പിൽ ഞാനിക്കാര്യം പരാമർശിക്കുന്നുണ്ട്. അജ്ഞാതനായ എൽസിയാഡ് ബോഫിയറിനെപോലെ വരണ്ട മനസ്സുകളിൽ സ്നേഹത്തിന്റെ വിത്തുകൾ വിതച്ച് അപ്രത്യക്ഷമായവൻ.

ഭരതന്റെ മരണം ഞാനാദ്യം അറിയിച്ചത് കാർട്ടൂണിസ്റ്റും നോവലിസ്റ്റുമായ ഞങ്ങളുടെ പൊതുസുഹൃത്ത് പി. മോഹനനെയാണ്. ഞാൻ വിളിക്കുന്നതിന് മുമ്പ് തന്നെ മാധവൻചേട്ടൻ (ഡോ. മാധവൻ). മകന്റെ മരണം മോഹനനെ വിളിച്ചറിയിച്ചിരുന്നു. "മോഹനാ.... ഭരതൻ പോയി..."

മോഹനനെ ഭരതന് പരിചയപ്പെടുത്തിയത് ഞാനായിരുന്നു. രണ്ടരപതിറ്റാണ്ടുകൾക്ക് മുമ്പ്. ഭരതൻ കാർട്ടൂൺ വരയ്ക്കുമെന്ന അറിവാണ് അയാളെ മോഹനന് പരിചയപ്പെടുത്താൻ കാരണം. അന്ന് മോഹനൻ തൃശൂരിൽ നിന്നിറങ്ങിയിരുന്ന 'എക്സ്പ്രസ്സി' ൽ സബ് എഡിറ്ററാണ്. എക്സ്പ്രസ്സിലെ കാർട്ടൂണിസ്റ്റും. മോഹനൻ 'ഇല്ലസ്ട്രേറ്റഡ് വീക്കിലി' യിൽ 'വേസ്റ്റ് ലാൻഡ്' വരകളിലാക്കിയിരുന്നു. കാരിക്കേച്ചറുകൾ ചെയ്തിരുന്നു. കാർട്ടൂണിൽ ഭരതനെ സ്വാധീനിച്ചത് രാജീന്ദർ പുരിയാണ്. അയാൾ ഗുരുവെന്ന് വിളിച്ചിരുന്നത് മോഹനനെയും. വരയെപ്പറ്റിയും വാക്കിനെപ്പറ്റിയും മോഹനൻ ശിഷ്യന് ക്ലാസ്സുകളെടുത്തു.

അമേരിക്കൻ കാർട്ടൂണിസ്റ്റായിരുന്ന മെക്നെല്ലിയെയും ഓലിഫാന്റിനെയുമായിരുന്നു ഭരതൻ പഠിച്ചത്. അനാട്ടമിയിൽ നിപുണനായിരുന്ന അവരിലൂടെ ഭരതൻ വരയിലുള്ള തന്റെ പരിമിതി മറികടക്കാൻ ശ്രമിച്ചതാകാം. ഓലിഫാന്റിന്റെ കാർട്ടൂണുകൾ അയാൾ വെട്ടിസൂക്ഷിക്കുമായിരുന്നു. ബോട്ട്സ്വാനയ്ക്ക് തിരിക്കും മുമ്പ് ആ ശേഖരം അയാൾ മോഹനനെ ഏല്പിച്ചു. ഗുരുദക്ഷിണയായി.

മൂന്ന് മാസക്കാലം ഭരതൻ മോഹനനൊപ്പം തിരുവനന്തപുരത്തെ പൂർണ്ണാ ലോഡ്ജിലുണ്ടായിരുന്നു. മോഹനൻ ഏഷ്യാനെറ്റിലാണ്. മോഹനന്റെ 'ഭരതവാക്യം' എന്ന ശീർഷകം തെരഞ്ഞെടുക്കുന്നതിൽ ഭരതനുമായുള്ള ആത്മബന്ധത്തിന്റെ ഈർപ്പമുണ്ടായിരുന്നു.

മോഹനനെപ്പോലെ ഭരതനും കാർട്ടൂണിനെ ഗൗരവമായി കണ്ടു. പഴത്തൊലിചവിട്ടി വീഴുന്നതിലെ ചിരിയായിരുന്നില്ല ഭരതന്റെയും താല്പര്യം 'ഇത്തിരിനേരമ്പോക്കും ഇത്തിരി ദർശനവും'. ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും വരകളും വാക്കുകളുമായിരുന്നു ഭരതന് കാർട്ടൂണുകൾ. രാഷ്ട്രീയം അതിന്റെ മുഖം മാത്രമായിരുന്നു. അയാളുടെ കാർട്ടൂണുകൾ വൻകിടപത്രങ്ങളിലോ ആനുകാലികങ്ങളിലോ പ്രസിദ്ധീകരിക്കുകയുണ്ടായില്ല. എക്സ്പ്രസ്സിലും പൂർണ്ണോദയയിലും കേരളീയത്തിലും തൃശൂരിൽ നിന്നുള്ള കറന്റ് ന്യൂസുകളിലുമായി ഒതുങ്ങി. തിരുവനന്തപുരത്തുനിന്നുള്ള സായാഹ്നപത്രമായ 'സതേൺ സ്റ്റാറി'ൽ അയാൾ തുടർച്ചയായി പോക്കറ്റ് കാർട്ടൂൺ ചെയ്തിരുന്നു. സ്വതസിദ്ധമായ അലസത നിരന്തരമായിവരയ്ക്കുന്നതിൽ നിന്നയാളെ പിന്നാക്കം വലിച്ചിരിക്കാം. മുറ്റത്തെ വെയിലും നിലാവും മുക്കുറ്റിയും തൊട്ടാവാടിയും വളരുന്നതും തളരുന്നതും നോക്കി വെറുതെയങ്ങ് ഇരിക്കാനായിരുന്നു അയാൾക്ക് താത്പര്യം. പ്രസിദ്ധീകരണത്തിനയക്കുന്നതിലും അതിന്റെ പിന്നാലെ പോകുന്നതിലുമുള്ള വൈമുഖ്യവും. പുരിയുടെയോ വിജയന്റെയോ അബു അബ്രഹാമിന്റെയോ സ്റ്റാച്ചറിലുള്ള കാർട്ടൂണുകൾ മീഡിയോക്രറ്റി ആഘോഷിക്കുന്ന ഇന്നത്തെ മലയാളിക്ക് ആവശ്യവുമില്ലായിരിക്കാം.

ഒരനുഷ്ഠാനമെന്നോണം പോസ്റ്റ് കാർഡിലൂടെയും നെറ്റിലൂടെയും അയാളെനിക്ക് കാർട്ടൂണുകൾ അയയ്ക്കുമായിരുന്നു. ഞാനവ സൂക്ഷിച്ചിട്ടുണ്ട്. അയാളുടെ മരണച്ചെപ്പിൽ. അവയിൽ ഹാസ്യം അയാളുടെ പതിഞ്ഞ ചിരിപോലെത്തന്നെയായിരുന്നു.

പഴയരീതിയിൽ ചെങ്കല്ലുകൊണ്ട് ഭംഗിയിൽ തീർത്ത രണ്ടടി ഉയരമുള്ള കൽപ്പടി കവച്ച് വെച്ചുകൊണ്ടുവേണം ഭരതന്റെ നാലുകെട്ടിലെത്താൻ. കൽപ്പടി കഴിഞ്ഞാൽ മരപ്പടി. മരപ്പടി പടിപ്പുരയിലേയ്ക്കാണ് തുറക്കുന്നത്. വലതുഭാഗത്ത് ഡോക്ടർ മാധവന്റെ ലൈബ്രറിയും ഗവേഷണമുറിയുമാണ്. ഇന്ത്യയിൽ വവ്വാലുകളെക്കുറിച്ച് പഠനം നടത്തിയിട്ടുള്ള അപൂർവ്വം ജന്തുശാസ്ത്രജ്ഞരിലൊരാളാണ് അദ്ദേഹം. ബാറ്റ്മാൻ ഓഫ് കേരള എന്നാണ് അറിയപ്പെടുന്നത്. ഈ എൺപത്തിരണ്ടാം വയസ്സിലും അദ്ദേഹം ഗവേഷണം നിർബാധം തുടരുന്നുണ്ട്. പടിപ്പുരയിലും അതിനോട് ചേർന്നുമായുള്ള വലിയ കൂടുകളിലാണ് വവ്വാലുകളെ ഗവേഷണത്തിനായി വളർത്തുന്നത്. അദ്ദേഹം കണ്ടെത്തിയ അപൂർവ്വ ഇനം വവ്വാലുകളുടെ സ്പെസിമനുകൾ ബ്രിട്ടീഷ് മ്യൂസിയത്തിലുണ്ട്. മാധവേട്ടന്റെ ലൈബ്രറി ഭരതന്റെയുമാണ്. വവ്വാലുകളെക്കുറിച്ചുള്ള വിലപിടിപ്പുള്ള ഗ്രന്ഥങ്ങൾക്കും ജേർണലുകൾക്കുമൊപ്പം ഭരതന്റെ സാഹിത്യപുസ്തകങ്ങളും കാർട്ടൂൺ പുസ്തകങ്ങളും ഇടകലരുന്നു. മാധവേട്ടന്റെ മേശപ്പുറത്ത് ബോട്സ്വാനയിലേക്ക് ഭരതന്റെ വിലാസമെഴുതിയ ഒരു പാക്കറ്റ് കണ്ടു. സഞ്ജയന്റെ സമ്പൂർണ്ണകൃതികൾ. "മലയാളിയുടെ ആന്തരാവബോധത്തിന്റെ ഒരു കൊടുമുടിയാണ് സഞ്ജയൻ". അയ്യപ്പപണിക്കരുടെ വാക്കുകൾ സത്യമാ

യിരുന്നെന്ന് ഭരതനറിയാം.

മരിച്ച് അഞ്ചാം നാളാണ് ഭരതനെ വീട്ടിലെത്തിച്ചത്. മൃതദേഹം എത്തുന്നതിന്റെ തലേന്നാൾ ഭരതന്റെ ഭാര്യ രാധികയും മക്കളായ മീനാക്ഷിയും നാരായണനും എത്തി. ആംബുലൻസ് എത്തുന്നതിനു മുമ്പേതന്നെ വീട്ടുകാരും നാട്ടുകാരും സ്നേഹിതരുമായി നല്ലൊരു ജനക്കൂട്ടം ഭരതനെ കാണാൻ എത്തിയിരുന്നു. ആംബുലൻസിൽ നിന്നും വീട്ടിലേക്ക് എടുക്കും നേരം മോഹനനും ഞാനും ഭരതനെ കണ്ടു. അയാൾ ആകാശം നോക്കുന്നു, കണ്ണുകൾ പൂട്ടി. ബോട്സ്വാനയിൽ നിന്ന് വെങ്ങിണിശ്ശേരിയിലേക്ക് യാത്രചെയ്തു വന്ന സൂര്യൻ അയാളിൽ സ്നേഹപ്രഭ ചൊരിഞ്ഞു. നാട്ടിൽ മുണ്ടും ഷർട്ടും ധരിക്കാറുള്ള ഭരതൻ ഒരു യാത്രയ്ക്കുള്ള ഒരുക്കത്തിലെന്നോണം ഭംഗിയുള്ള പാന്റ്സും ഷർട്ടും ധരിച്ചിരുന്നു. വസ്ത്രത്തിൽ അശ്രദ്ധനായ അയാളിൽ ഇത് പതിവില്ലാത്തതാണ്.

ഭരതനെ കിടത്തിയത് നാലുകെട്ടിലാണ്. ഭരതനെ കണ്ട്, വീടിന്റെ പിൻവാതിലിലൂടെ ആളുകൾ മുറ്റത്തും പടിപ്പുരയിലും ചിത കൂട്ടുന്നതിനടുത്തുമായി നിന്നു. ശാന്തരും നിശ്ശബ്ധരുമായി. അന്തരീക്ഷത്തിൽ മൗനം വീർപ്പുമുട്ടി. മരണത്തിന്റെ മഹിമാവ് എവിടെയുമുണ്ടായിരുന്നു. വിതുമ്പലോ പതിഞ്ഞ നിലവിളിയോ ഇല്ല. ഭരതന്റെ ഭാര്യയും മക്കളും അച്ഛനുമടക്കം എല്ലാവരും മനസ്സടക്കി. അന്തസ്സോടെ ഭരതനെ യാത്രയാക്കുന്നു.

മരണവീട്ടിൽ കരച്ചിൽ സുനാമി പോലെയാണ്. അകലെ കടലിന്റെ അജ്ഞാത കോണിൽ ആഴത്തിൽ ഒരു ബിന്ദുവിൽ ഒരു വിതുമ്പൽ മതി. സുനാമിത്തിരകളാൽ അന്തരീക്ഷം അമ്മാനമാടും. കടലും കരയും വേർതിരിക്കാൻ കഴിയാതാകും.

ആൾക്കൂട്ടത്തിനിടയിലൂടെ-മരണത്തിനിടയിലൂടെ-ഒരു കന്യാസ്ത്രീയമ്മ സൗമ്യയായി നീങ്ങുന്നുണ്ടായിരുന്നു. അവർ മന്ത്രിച്ചുകൊണ്ടിരുന്നു. : പ്രാർത്ഥിക്കൂ... പ്രാർത്ഥിക്കൂ... മാധവേട്ടൻ എന്നെ കാത്തിരിക്കുന്നുണ്ടായിരുന്നു, ഇറയത്തുതന്നെ. “വരൂ... അരവീ.....” എന്ന സഹജമായ പുഞ്ചിരിയോടെ.

മാധവേട്ടൻ ആ വലിയ വീട്ടിൽ ഒറ്റയ്ക്കാണ്. വീട്ടുജോലികൾക്ക് ഗിരിജയും മേഴ്സിയും പറമ്പ് പണിക്ക് വാസുവുമുണ്ട്..

‘തമ്പ്രാനെ’ പിരിയാൻ മനസ്സുവരാത്ത പഴമക്കാർ..

മാധവേട്ടന് സ്ഥിതപ്രജ്ഞനായ ഋഷിയുടെ ഭാവമാണ്. ഭാര്യയെ അഞ്ചുവർഷം മുമ്പും മകനെ ദിവസങ്ങൾക്ക് മുമ്പും കൊണ്ടുപോയ മരണത്തോട് പരിഭവമില്ല. ദുബായിയിലും മുംബൈയിലും പാർപ്പാക്കിയ മകളോടും മകനോടും പരാതിയില്ല. വവ്വാലുകളെക്കുറിച്ച് ഗവേഷണപഠനത്തിൽ അറിയപ്പെടുന്ന ശാസ്ത്രജ്ഞനെങ്കിലും മാധവേട്ടൻ കടുത്ത ഈശ്വരവിശ്വാസിയാണ്. ഇന്ത്യയിലെ ഏതാണ്ടെല്ലാ ശാസ്ത്രജ്ഞരെയും പോലെ. ദൈവത്തിന്റെ അനുവാദമില്ലാതെ ആകാശത്തുനിന്ന് ഒരു കുരുവി പോലും നിലത്ത് വീഴുന്നില്ല, മാധവേട്ടൻ പറയും.

ഭരതനും ഞാനും വല്ലപ്പോഴും ഇരിക്കാറുള്ള തറവാട്ടുകുളത്തിന്റെ വക്കിലാണ് ഞാൻ. മധ്യാഹ്നത്തിന്റെ നിഴലുകൾ ജലത്തിൽ ഉറങ്ങുന്നു. കുളത്തിലേക്ക് ചാഞ്ഞ മരത്തിൽ നിന്നും വെറ്റിലകൊടികൾ ഞാന്ന് കിടപ്പുണ്ട്. മരണത്തിന്റെ തണുപ്പ് വിട്ടുപോയിട്ടില്ല.

വാക്കിങ്ങ് സ്റ്റിക്ക് മണ്ണിലൂന്നി മാധവേട്ടൻ മുമ്പിലും ഞാൻ പിന്നിലുമായി ഭരതൻ നടന്ന കാലടികളിലൂടെ നടന്നു. രാഷ്ട്രീയവും വവ്വാലുകളും ഭരതനും നാട്ടുവിശേഷങ്ങളും സംസാരിച്ചു. ഇടയ്ക്കെല്ലാം മരണം തലനിവർത്തി. സംഗീതജ്ഞനും ചെറുകഥാകൃത്തും മനോരോഗചികിത്സകനുമായ ഡോക്ടർ രമേഷ് എന്നും സന്ധ്യയ്ക്ക് വീട്ടിൽ വരാറുള്ളത് മാധവേട്ടൻ ഓർമ്മിച്ചു. കത്തിത്തീരാറായ സിഗററ്റിന്റെ ചവർപ്പുരുചി ആസ്വദിക്കുംപോലെ. മരണം ഡോക്ടറെ അപഹരിച്ചതോടെ, ആ സാമീപ്യവും നിലച്ചു.

മാധവേട്ടൻ നിശബ്ദനായി. ഞങ്ങൾ തറവാട്ടു വളപ്പിലെ പാമ്പിൻ കാവിലാണ്. ദൈവങ്ങളും സർപ്പങ്ങളും മരണമൗനത്തിൽ ഉറഞ്ഞു. ചീവീടുകളുടെ ചുണ്ടുകൾ അതിനെ വിടാതെ രാവി മുറിച്ചു. കാവിൽ തലയുയർത്തി നിൽക്കുന്ന പേരാലും മറ്റ് വൃക്ഷങ്ങളും പ്രാക്തനമായ ഭൂമിയുടെ ഇരുണ്ട ഭൂതകാലം പോലെ. കാവിനെ വളഞ്ഞിരുന്ന മുളങ്കാട്ടിൽ ചെറുകാറ്റിന്റെ നിശ്വാസങ്ങൾ.

ഈ നിശബ്ദതയിൽ ഭരതനും ഞാനും ഇരുന്നിട്ടുണ്ട്. സംസാരിച്ചിട്ടുണ്ട്. മരണത്തിന്റെ സൗന്ദര്യത്തെപ്പറ്റി. മനുഷ്യന്റെ നരകയാതനകളെ കുറിച്ച്. ജീവിതത്തിന്റെ നശ്വരതയെപ്പറ്റി. ടോൾസ്റ്റോയിയും ഡോറ്റോസ്കിയും ഉറൂബും കോവിലനും ടി.ആറും. വിക്ടർ ലീനസ്സും ഞങ്ങൾക്കിടയിൽ വന്നു.

എനിക്ക് കാവ് ഒരു പാരിസ്ഥിതിക യാഥാർത്ഥ്യമാണ്. ഭൂമിയുടെ അതിജീവനത്തിനുള്ള ഒരു ശ്വാസകോശം. ഭരതനത് വിശ്വാസത്തിന്റെ ഹരിതകം കൂടിയായിരുന്നു.ഭരതനെ പച്ച വിറകിൽ കിടത്തി മാവിൻകൊള്ളികൾ മാറിലും വശങ്ങളിലുമായി അടക്കിവെച്ചു.അയാളുടെ ചിതയൊരുങ്ങുകയാണ്. ഭരതന് അഗ്നിപ്രവേശത്തിനുള്ള സമയമായി.

‘മമ്വബ്ദപൂർണ്ണേ പ്രഥമദിനേ
ഭവാൻവന്നതില്ലെന്നുവന്നീടുകിൽ
പിന്നെ ഞാൻ അന്യദിവസമുഷസി
ജ്വലിപ്പിച്ചു വഹ്നിയിൽ ചാടി മരിക്കുന്നുണ്ടല്ലോ...’

ഞാൻ മാധവേട്ടനോട് യാത്ര പറഞ്ഞു. കൽപ്പടി വരെ മാധവേട്ടൻ എന്നെ അനുഗമിച്ചു. കുറച്ചടി നടന്ന് ഞാൻ തിരിഞ്ഞുനോക്കി. ചിത ആളിക്കത്തുകയാണ്. മാധവേട്ടൻ വീടിനുള്ളിൽ അപ്രത്യക്ഷനായിരുന്നു.
“ഭര...താ, ഭര...താ....” മാധവേട്ടന്റെ ഉറക്കെയുറക്കെയുള്ള വിളി പ്രപഞ്ചത്തോളം ഉയർന്നു. പിന്നെ അഗ്നിനാളത്തിലേക്ക് ചുരുങ്ങി.

## പ്രതിഷേധിക്കുന്നു

സെൻസർ സർട്ടിഫിക്കറ്റ് കൈയ്യിൽ കിട്ടിയിട്ടില്ല എന്ന കാരണത്താൽ 17-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് പുറത്തു നിൽക്കേണ്ടി വന്ന പാപ്പിലിയോ ബുദ്ധ എന്ന ചിത്രത്തിന്റെ ശില്പികൾ തിരുവനന്തപുരത്ത് സംഘടിപ്പിച്ച സ്വകാര്യ പ്രദർശനവും തടയപ്പെട്ടതിൽ പ്രതിഷേധിക്കുന്നു. ദളിതരുടെ സ്വത്വപ്രശ്നങ്ങൾ ചർച്ചചെയ്യുന്ന, കല്ലേൻ പൊക്കുടൻ മുഖ്യവേഷത്തിൽ അഭിനയിച്ച ചിത്രത്തിന്റെ പ്രദർശനം തടയുന്നതിന് പിന്നിൽ സവർണ-ഭരണകൂട താല്പര്യങ്ങൾ പ്രവർത്തിക്കുന്നതായാണ് വ്യക്തമാകുന്നത്. സ്വകാര്യ സ്ക്രീനിങ്ങിന് സെൻസർ സർട്ടിഫിക്കറ്റ് ഒരാവശ്യമേയല്ല. എന്നിട്ടും ഡിസംബർ 13ന് ഒരു ആഡിറ്റോറിയത്തിൽ നിശ്ചയിച്ച പ്രദർശനം കാണാൻ നൂറുകണക്കിന് കാണികൾ എത്തിയെങ്കിലും പോലീസിന്റെ നിർദേശത്തെ തുടർന്ന് ചിത്രം പ്രദർശിപ്പിക്കാൻ അവർ അനുവദിച്ചില്ല.